ഉത്തരം

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. റ്റി. എം. ജേക്കബ്)

(എ) സംസ്ഥാനത്തെ എല്ലാ സ്കൂളുകൾക്കും മൂത്രപ്പുരകൾ ഉണ്ട്. എല്ലാ സ്കൂളുകളിലും ഫർണിച്ചർ ഉണ്ട്. എന്നാൽ ആവശ്യത്തിന് ഫർണിച്ചർ ഇല്ലാത്ത ഗവൺമെന്റ് സ്കൂളുകളിലെല്ലാം ഈ ഡിസംബർ മാസത്തോടെ ആവശ്യമുള്ള ഫർണിച്ചർ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടിവെള്ളം ലഭ്യമല്ലാത്ത സ്കൂളുകളെ സംബന്ധിച്ച വിവരം ശേഖരിച്ചു വരുന്നു.

(ബി, സി) വിവരം ശേഖരിച്ചുവരുന്നു.

കോടതി നടപടികൾ മലയാളത്തിലാക്കാൻ നടപടി

* 303. [328] ശ്രീ. കെ. പുരുഷോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോടതികളിലെ നടപടികൾ മലയാളത്തിൽ ആക്കുന്നതിന് നടപടികളെടുക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ, ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാം ?

ഉത്തരം

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി)

(എ) ഉണ്ട്.

(ബി) കോടതികളിലെ ഔദ്യോഗികഭാഷ മലയാളം ആക്കുന്നതിന്റെ എല്ലാ വശങ്ങളേയും കുറിച്ച് പഠനം നടത്തി വിശദമായ റിപ്പോർട്ടു സമർപ്പിക്കാൻ ജസ്റ്റിസ് ശ്രീ. കെ.കെ. നരേന്ദ്രൻ (ഹൈക്കോർട്ട് ജഡ്ജ്) അദ്ധ്യക്ഷനായും അഡ്വക്കേറ്റ് ജനറൽ നിയമ വകുപ്പു സെക്രട്ടറി, ശ്രീ. ബി. എം. തുളസിദാസ് (സ്റ്റേറ്റ് ട്രാൻസ്പോർട്ട് അപ്പലേറ്റ് ട്രൈബ്യൂണൽ ആൻഡ് അഡീഷണൽ ഡിസ്ട്രിക്ട് ജഡ്ജ്, എറണാകുളം) പബ്ലിക് പ്രോസിക്യൂഷൻ ഡയറക്ടർ, ശ്രീ. പി. ശാന്തലിംഗം അഡ്വക്കേറ്റ് (ബാർ കൗൺസിൽ പ്രതിനിധി) ശ്രീ. ടി. എസ്. വെങ്കടേശ്വര അയ്യർ, അഡ്വക്കേറ്റ്, കേരള ഹൈക്കോടതി (ബാർ കൗൺസിൽ മെംബർ), സ്പെഷ്യൽ ആഫീസർ, ഉദ്യോഗസ്ഥ പരിഷ്ക്കാര വകുപ്പ് എന്നിവർ അംഗങ്ങളായുമുള്ള ഒരു കമ്മിറ്റിയിലെ 24-5-1985 സർക്കാർ ഉത്തരവ് (കൈയെഴുത്ത്) നമ്പർ 7/85/ഉ. ഭ. പ. വ. ഉത്തരവു പ്രകാരം രൂപീകരിക്കുകയും കമ്മറ്റി എറണാകുളം ആസ്ഥാനമാക്കിയതിന്റെ പ്രവർത്തനം നടത്തിവരികയുമാണ്. കമ്മിറ്റിയുടെ റിപ്പോർട്ട് കിട്ടിയതിനുശേഷം ഇത് സംബന്ധിച്ച അനന്തര നടപടികൾ ഊർജ്ജിതപ്പെടുത്താൻ കഴിയുന്നതുമാണ്.

എം. സി. റോഡ് നാഷണൽ ഹൈവേയാക്കൽ നടപടി

* 304. [329] ശ്രീ. പി. വി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എം. സി. റോഡ് നാഷണൽ ഹൈവേയായി പ്രഖ്യാപിക്കപ്പെടുന്നതിനുള്ള നടപടി എത്രത്തോളമായി ;

(ബി) ഇതു സംബന്ധിച്ച് കേന്ദ്രത്തിൽ നിവേദനം നടത്തിയിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ)

(എ, ബി) എം. സി. റോഡ് നഷണൽ ഹൈവേയായി പ്രഖ്യാപിക്കേണ്ടത് കേന്ദ്ര ഗവൺമെൻറാണ്. ഇക്കാര്യം സംസ്ഥാന ഗവൺമെൻറ് കേന്ദ്രത്തിൻെറ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

7-ാം ക്ലാസ്സിലെ സ്കോളർഷിപ്പ്

* 305. [330] ശ്രീ. എ. വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ മന്ത്രി സദയം മറുപടി നൽകുമോ ;

(എ) 1985-ൽ 7-ാം ക്ലാസ്സിലെ സ്കോളർഷിപ്പ് പരീക്ഷയിൽ വിജയിക്കുന്ന കുട്ടികൾക്ക് രണ്ടാം ഗഡുവും മൂന്നാം ഗഡുവും സ്കോളർഷിപ്പ് തുക കിട്ടിയിട്ടുണ്ട് എന്ന വിവരം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിനെ സംബന്ധിച്ച് എന്തു നടപടി സ്വീകരിച്ചു ;

(സി) ഇപ്പോഴ് എത്ര സ്ഥലത്ത് സ്കോളർഷിപ്പ് നൽകിവരുന്നുണ്ട്

(ഡി) ഈ തുക വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്)

(എ) ഇല്ല. ആർക്കെങ്കിലും കിട്ടിയിട്ടില്ലെന്ന് ബോദ്ധ്യപ്പെട്ടാൽ അവ ഉടനടി വിതരണം ചെയ്യുന്നതിനു വേണ്ട നിർദ്ദേശം നല്കുന്നതാണ്.

(ബി) ചോദ്യം ഉദിക്കുന്നില്ല;

(സി) പ്രതിവർഷം എൻ. എസ്. എസിലെ സ്കോളർഷിപ്പ് 30 രൂപയും യു. എസ്. എസ്. സ്കോളർഷിപ്പ് 40 രൂപയുമാണ്. ഇപ്പോഴ് നൽകിവരുന്നത്.

(ഡി) സർക്കാരിന് വമ്പിച്ച സാമ്പത്തികബാധ്യത ഇക്കാര്യത്തിൽ ഉണ്ടാകുന്നതിനാൽ ഈ ആവശ്യം തൽക്കാലം പരിഗണിക്കുവാൻ നിർവ്വാഹമില്ല

ഫെസ്റ്റിവൽ ഫീസ്

* 306. [332] ശ്രീ. പി. എ. മുഹമ്മദ് കണ്ണ് :

,, കെ. പി. രാമൻ ; താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂൾ വിദ്യാർദ്ധികളിൽ നിന്നും ഫെസ്റ്റിവൽ ഫീസ് ഈടാക്കുന്നുണ്ടോ ?

(ബി) ഉണ്ടെങ്കിൽ ഈ ഇനത്തിലുള്ള ഫീസ് ഏത് ക്ലാസ് മുതലാണ് ഈടാക്കുന്നതും, എത്രയാണ് ഈടാക്കുന്നതും;

(സി) ഈ ഇനത്തിലുള്ള 'ഫീസ്' എന്തിനുവേണ്ടിയാണ് ചെലവാക്കുന്നത് ?

LIBRARY ARCHIVES Kerala Legislative Assembly